(ബി) അപ്രകാരം ചെയ്യുന്നതുകൊണ്ട് പ്രസരണനഷ്ടം കുറയ്ക്കുവാൻ കഴിയുമോ ;

(സി) ആന്ധ്രാപ്രദേശിൽ സെൻട്രൽ പവർ ഡിസ്ട്രിബ്യൂഷൻ കമ്പനിയെന്ന പൊതുമേഖലാസ്ഥാപനം വൈദ്യുതി വിതരണം ഏറ്റെടുത്ത് രണ്ട് വർഷത്തിനുള്ളിൽ പ്രസരണനഷ്ടം കുറയ്ക്കുവാൻ കഴിഞ്ഞിട്ടുണ്ടോ എന്ന് അന്വേഷിക്കാമോ ?

വിദ്യുച്ഛക്തി വകുപ്പുമന്ത്രി (ശ്രീ. കടവൂർ ശിവദാസൻ) :

(എ) 2003-ലെ ഇലക്ട്രിസിറ്റി ആക്ട് നിലവിൽ വന്നതോടുകൂടി 1910-ലെ ഇൻഡ്യൻ ഇലക്ട്രിസിറ്റി സ്പ്ലൈ ആക്ടും നിലവിലില്ലാതായി. പഴയ ആക്റ്റുകൾ റിപ്പീൽ ചെയ്തെങ്കിലും വൈദ്യുതി ബോർഡ് ഒരു വർഷത്തേക്ക്, സ്റ്റേറ്റ് ട്രാൻസ്മിഷൻ യൂട്ടിലിറ്റി ആയും, ലൈസൻസിയായും തുടരുമെന്ന് 2003-ലെ ഇലക്ട്രിസിറ്റി ആക്ട് 171-ാം വകുപ്പ് അനുശാസിക്കുന്നു. 2003-ലെ ആക്ട് 131-ാം വകുപ്പ് പ്രകാരം ബോർഡിന്റെ എല്ലാ ആസ്തി ബാദ്ധ്യതകളും ആയത് ആക്ട് അനുസരിച്ച് രൂപീകൃതമാകുന്ന കമ്പനിയോ, കമ്പനികൾക്കോ സർക്കാർ വീതിച്ച് നൽകേണ്ടതുമാണ്. പൊതുമേഖലയിൽ കമ്പനി രൂപീകരിച്ച് ബോർഡിന്റെ ആസ്തി ബാദ്ധ്യതകൾ കൈമാറുന്നതിനാണ് സർക്കാർ ഉദ്ദേശിക്കുന്നത്.

(ബി) വൈദ്യുതി വിതരണം മറ്റൊരു പൊതുമേഖലാ സ്ഥാപനങ്ങളെ ഏൽപ്പിക്കുന്നതുകൊണ്ടുമാത്രം പ്രസരണനഷ്ടം കുറയ്ക്കാൻ സാധിക്കുകയില്ല.

(സി) അന്വേഷിക്കാം.

നഗരങ്ങളിലെ ജലദൗർലഭ്യം പരിഹരിക്കുന്നതിന് നടപടി

4 (*671) ശ്രീ. ജോസഫ് എം. പുതുശ്ശേരി :
ശ്രീ. സ്റ്റീഫൻ ജോർജ് :
ശ്രീ. തോമസ് ഉണ്ണിയാടൻ :
ശ്രീ. മാമ്മൻ മത്തായി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്തെ നഗരങ്ങളിൽ പ്രതിദിനം ആവശ്യമായ ശുദ്ധജലത്തിന്റെ അളവ് എത്രയെന്ന് കണക്കാക്കിയിട്ടുണ്ടോ ;

(ബി) ഉണ്ടെങ്കിൽ എത്ര ;

(സി) നഗരത്തിൽ ആവശ്യമായ അളവിൽ ശുദ്ധജലം ഇപ്പോൾ വിതരണം നടത്തുന്നുണ്ടോ ;

(ഡി) ഇല്ലെങ്കിൽ ആവശ്യത്തിനനുസൃതമായി ജലവിതരണം നടത്തി ജല ദൗർലഭ്യം പരിഹരിക്കുന്നതിന് സർക്കാർ എന്തെല്ലാം നടപടികളാണ് സ്വീകരിക്കാൻ ഉദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കുമോ ?

LIBRARY ARCHIVES Kerala Legislative Assembly

ജലവിഭവ വകുപ്പുമന്ത്രി (ശ്രീ. ടി. എം. ജേക്കബ്) :

(എ) ഉണ്ട്.

(ബി) 1281.95 എം.എൽ.ഡി.

(സി) നഗരത്തിൽ ആവശ്യമായ അളവിൽ ശുദ്ധജലം വിതരണം നടത്താൻ സാധിച്ചിട്ടില്ല.

(ഡി) വിവിധ ഏജൻസികളുടെ ധനസഹായത്തോടെ നിലവിലുള്ള ജലവിതരണ പദ്ധതികൾ വിപുലീകരിച്ചും ആവശ്യമായ പുനരുദ്ധാരണ പ്രവർത്തികളും മെയിന്റനൻസ് ജോലികളും നടത്തിയും ഉറവിടസംരക്ഷണത്തിനാവശ്യമായ നടപടികൾ സ്വീകരിച്ചും പുതിയ ജലവിതരണ പദ്ധതികൾ ആവിഷ്ക്കരിച്ച് നടപ്പാക്കിയും ധനലഭ്യതയ്ക്ക് വിധേയമായി ജലദൗർലഭ്യം പരിഹരിക്കുന്നതിന് നടപടികൾ സ്വീകരിച്ചുവരുന്നു.

മലബാർ മേഖലയിലെ ടൂറിസം പരിപോഷിപ്പിക്കുവാൻ നടപടി

5 (*672) ശ്രീ. ഇസ്ഹാക് കുരിക്കൾ :
ശ്രീ. ഇ. ടി. മുഹമ്മദ് ബഷീർ :
ശ്രീ. കളത്തിൽ അബ്ദുള്ള : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഫിഷറീസും വിനോദസഞ്ചാരവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) മലബാർ മേഖലയിലെ ടൂറിസം സാദ്ധ്യതകൾ പരിപോഷിപ്പിക്കുവാനും ഉപയോഗപ്പെടുത്തുവാനും ഇതിനകം എന്തൊക്കെ പദ്ധതികളാണ് ഈ സർക്കാർ ആവിഷ്ക്കരിച്ചിട്ടുള്ളത് എന്ന് വ്യക്തമാക്കാമോ ;

(ബി) മലബാർ മേഖലയിലെ ടൂറിസം സാദ്ധ്യതകൾ ഉപയോഗപ്പെടുത്തുവാനും പരിപോഷിപ്പിക്കുവാനും മലബാർ ടൂറിസം വികസന കോർപ്പറേഷൻ രൂപീകരിക്കുവാൻ നടപടി കൈക്കൊള്ളുമോ ;

(സി) ടൂറിസം പരിപോഷിപ്പിക്കുന്നതിന്റെ ഭാഗമായി മലബാറിലെ പിന്നോക്ക ജില്ലകളെ കേന്ദ്രീകരിച്ച് ടൂറിസം മേളയും സാംസ്ക്കാരിക പരിപാടികളും സംഘടിപ്പിക്കുവാൻ ഗവൺമെന്റിന് പദ്ധതിയുണ്ടോ ;

(ഡി) ഇല്ലെങ്കിൽ അതിനുവേണ്ട നടപടി സ്വീകരിക്കുമോ ?

ഫിഷറീസും വിനോദസഞ്ചാരവും വകുപ്പുമന്ത്രി (പ്രൊഫ. കെ. വി. തോമസ്) :

(എ) കേരളത്തിലെ ഇതര മേഖലയ്ക്കെന്നപോലെ മലബാർ മേഖലയ്ക്കും അർഹമായ പ്രാധാന്യവും അംഗീകാരവും നേടിയെടുക്കുന്നതിനായി സർക്കാർ നിരവധി കർമ്മ പരിപാടികൾ ആവിഷ്ക്കരിച്ച് നടപ്പിലാക്കിവരുന്നു. മിസ്റ്റിക്സ് ഓഫ് മലബാർ എന്ന പേരിൽ 2003-ആഗസ്റ്റ് 14,15,16 തീയതികളിൽ കോഴിക്കോട് വച്ച് നടത്തുവാൻ പോകുന്ന ട്രാവൽ മാർട്ട് ഈ ലക്ഷ്യത്തിലേക്കുള്ള വലിയൊരു കാൽവെയ്പ്പാണ്. ഈ മേഖലയിൽ ഇതിനകം ആരംഭിച്ച പദ്ധതിയുടെ വിശദാംശങ്ങൾ അനുബന്ധമായി ചേർക്കുന്നു.*

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly